# സഫലം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## GMHSS CHEERAL



# ഉള്ളടക്കം

ആമുഖം........................................................................................ 1

പൊതുലക്ഷ്യം.................................................................................. 3

ചരിത്ര നേട്ടങ്ങളിലൂടെ........................................................................ 6

അക്കാദമികപരിമിതികൾ................................................................ 10

വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ.................................... 12

മുൻ സാരഥികൾ............................................................................ 15

അധ്യാപകരുടെ അടിസ്ഥാന വിവരങ്ങൾ...................................... 17

വിഷയമേഖലകൾ........................................................................ 19

ഒരുമിക്കാം കൈവരിക്കാം..........................................................39

ഭൗതിക മേഖല..........................................................40

സാമൂഹികം...............................................................41

ഉപസംഹാരം...........................................................44

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലുടനീളം വിദ്യാഭ്യാസരംഗത്ത് പുതിയ ചുവടുവെയ്പ്പുകൾ ഉണ്ടായികൊണ്ടിരിക്കുകയാണല്ലോ . ഓരാ വിദ്യാലയത്തിന്റെയും സമഗ്രവികസനത്തിനാവശ്യമായ വിഭവങ്ങൾ നൽകാൻ പൊതു സമൂഹം പൂർണ്ണ മനസ്സോടെ നമ്മോടൊപ്പം നിൽക്കുന്നു.വിദ്യാഭ്യാസ മേഖലയിലെ ഭൗതിക വളർച്ചയോടൊപ്പം അക്കാദമിക മികവും അനിവാര്യതയായി നാം കണക്കാക്കേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികൾ ഭൗതിക വികസനത്തിന്റെ ചൂണ്ടു പലകകൾ ആകുമെന്നതിൽ സംശയമില്ല. അത്തരത്തിൽ വിദ്യാലയം തന്നെ ഒരു പാഠപുസ്തകമായി മാറാനുള്ള ചുറ്റുപാട് പ്രാദേശികമായി നാം കൈവരിക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിലെ ഭൂരിപക്ഷം കുടുംബങ്ങളും വിദ്യാഭ്യാസത്തിനായി പൊതു വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഇക്കാലയളവിൽ പൊതു വിദ്യാലയങ്ങളെ തേടിയെത്തുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചിട്ടുമുണ്ട്. പൊതു വിദ്യാലയങ്ങളിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണത സംബന്ധിച്ച് തർക്കമില്ലെങ്കിലും അത് എല്ലാവരിലേക്കും എത്തുന്നുണ്ടോ എന്ന വസ്തുത വിശകലനം ചെയ്യപ്പെടേണ്ടതാണ്.

ഇതിന് പരിഹാരം തുല്യതയിലൂന്നിയ ഗുണമേന്മാ വിദ്യാഭ്യാസമാണ്. ഇതിനു വേണ്ടി സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിച്ചു കൊണ്ട് നാട്ടിൽ ലഭ്യമാകുന്ന ചുറ്റുപാടുകളെ കുട്ടിയുടെ ശുണമേന്മ വിദ്യാഭ്യാസത്തിന് ലഭ്യമാക്കുകയും കുട്ടിയുടെ സർവതോന്മുഖമായ വികാസത്തിനു വേണ്ടി പഠനാന്തരീക്ഷം ഒരുക്കി എടുക്കുകയും വേണം.

ഈ പ്രക്രിയയുടെ ഭാഗമായിട്ടാണ് വിഷൻ 100 എന്ന അക്കാദമിക പദ്ധതി നമ്മുടെ വിദ്യാലയത്തിലും രൂപകൽപ്പന ചെയ്തിട്ടുള്ളത്" ഭാഷാ, വ്യത്യസ്ത വിഷയങ്ങൾ കലാ കായിക ,പ്രവർത്തി പരിചയ മേഖലകൾ എന്നിവയുടെ പോഷണത്തിനും അവ വിദ്യാർത്ഥികൾക്കിടയിൽ തുല്യതയോടെ പങ്കുവക്കുന്നതിനും അക്കാദമിക പദ്ധതി ശ്രദ്ധിച്ചിട്ടുണ്ട്. ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സമഞ്ജസമായി ഉൾകൊള്ളുന്ന വിധത്തിലാക്കാൻ ഈ അക്കാദമിക പദ്ധതിക്ക് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഓരോ

തലങ്ങളിലും വിദ്യാർത്ഥികൾ ആർജിക്കുന്ന അറിവും നൈപുണിയും കൃത്യമായി നിർവഹിക്കുകയും അവ യഥാസമയം നേടി എന്നുറപ്പു വരുത്തുന്ന രീതിയിലാണ് ഈ പ്ലാൻ രൂപീകരിച്ചിട്ടുള്ളത്. നിശ്ചിത ഇടവേളകളിൽ ഇത് പരിശോധിച്ച് ബോധ്യപ്പെടാനുള്ള പഠനനിലവാര പരിശോധനയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ഘട്ടത്തിലും ഈ ശേഷികൾ ഫലപ്രദമായി നേടിയിട്ടുണ്ടോ എന്നു വിലയിരുത്തി കുറവുണ്ടെങ്കിൽ പരിഹാര-പഠന-ബോധന പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## ഗവ.മോഡൽ ഹയർസെക്കണ്ടറി സ്കൂൾ ചീരാൽ

കേരള സംസ്ഥാനത്തിലെ വയനാട് ജില്ലയിൽ കിഴക്ക് കർണാടക - തമിഴ്നാട് സംസ്ഥാനങ്ങളുടെ അതിർത്തി പങ്കിടുന്ന പ്രകൃതി രമണീയമായ ചീരാൽ ഗ്രാമത്തിൽ ഗവ. മോഡൽ ഹയർസെക്കണ്ടറി സ്കൂൾ എന്ന മാതൃകാ വിദ്യാലയം സ്ഥിതി ചെയ്യുന്നു. ഒരു നാടിന്റെ സാംസ്കാരിക തനിമയും തലമുറകളുടെ വാഗ്ദാനവും സമൂഹത്തിന്റെ നവോത്ഥാനവും ഈ വിദ്യാലയത്തിന്റെ തുടക്കം മുതൽ നാടിന് പുത്തനുണർവ്വ് നൽകി. നാടിന്റെ യശസ്സുയർത്തി മികവിന്റെ ഉന്നത പടവുകളിലേക്ക് ചീരാൽ പ്രദേശത്തിന്റെ അഭിമാനമായി ഈ വിദ്യാലയം ചരിത്ര താളുകളിൽ 50 വർഷം പിന്നിടുന്നു.

ഈ വിദ്യാലയത്തിന്റെ ചരിത്രം മുതൽ ഇന്നോളം പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് അർപ്പണബോധമുള്ള അധ്യാപകരുടേയും രക്ഷിതാക്കളുടെയും സർവോപരി സ്കൂളിന്റെ നേതൃത്വം വഹിച്ച പ്രധാനാധ്യാപകരുടെയും കൂട്ടായ പരിശ്രമമാണ് ഇതിന് കാരണമായിത്തീർന്നത്സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാരും,ത്രിതലപഞ്ചായത്തുകളും RMSA, SSA തുടങ്ങിയ പദ്ധതികളും വലിയ പങ്ക് വഹിച്ചു പോന്നിട്ടുണ്ട്. ഈ വിദ്യാലയത്തിലെ പകുതിയിലേറെ കുട്ടികൾ ആദിവാസി-ഗോത്രവിഭാഗത്തിൽ പെട്ടവരാണ്. ആദ്യകാലം I മുതൽ 7 വരെ ക്ലസുകൾ ആരംഭിച്ച് കൊണ്ടാണ് വിദ്യാദയത്തിന് തുടക്കം കുറിച്ചത് ഹൈസ്കൂൾ വളരെ അകലെ ആയതിനാൽ പ്രദശവാസികൾ ഏഴാം ക്ലാസിന് ശേഷം പഠനം നിർത്തുന്ന സാഹചര്യം ആയിരുന്നു. ഈ സാഹചര്യം ചീരാലിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതുന്റെ ആവശ്യകത നാട്ടുകാരിലുണ്ടാക്കി.ശ്രീ. പുതുശ്ശേരി കേശവൻ ചെട്ടി പ്രസിഡന്റായി ഒരു വെൽഫെയർ

കമ്മറ്റിക്ക് രൂപം കൊടുത്തു. പൗരപ്രമുഖരായ പി.ആർ. കുമാരൻ, എ. രാഘവൻ നായർ, എം.രാമനുണ്ണി കുറുപ്പ്. കെ. പി.ജി.നമ്പീശൻ, ഇ. പുരുഷോത്തമൻ, വി.അബ്ദുറഹിമാൻ എന്നിവർ കമ്മിറ്റി അംഗങ്ങളായിരുന്നു. 1968 ൽ ചീരാൽ ഗവ ഹൈസ്കൂൾ സ്ഥാപിതമായി.

ശ്രീ. വർഗ്ഗീസ് മാത്യു ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. 1968 ൽ 5 കുട്ടികളുമായി തുടങ്ങിയ ഈ സ്ഥാപനം 8 മുതൽ 12 വരെ ക്ലാസ്സുകളിലായി 1000 ലേറെ കുട്ടികൾ പഠിക്കുന്നു. പാഠ്യ-പാഠ്യേതര രംഗത്ത് ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറുവാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് . SSLC,Plus 2 പരീക്ഷകളിൽ ഉന്നത വിജയവുമായി ഈ മാതൃകാ വിദ്യാലയം മുന്നിട്ട് നിൽക്കുന്നു,

വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പഠന പ്രവർത്തങ്ങളുടെയും അക്കാദമിക മികവുകളുടെയും സംക്ഷിപ്തവും സർഗാത്മക പ്രവർത്തനങ്ങളും വിവിധ മേഖലകളും വ്യക്തിത്വ വികസനത്തിനുതകുന്ന തുടർ പദ്ധതികളുടെയും മികവുറ്റ രൂപരേഖയുടെയും ആസൂത്രണമാണ് ഇവിടെ ഉൾപെടുത്തിയിരിക്കുന്നത്.

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ ലഭ്യമായിട്ടുള്ള ഭൗതിക സംവിധാനങ്ങളും അക്കാദമിക സൗകര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ഓരോ ക്ലാസ്സിലും കുട്ടി ഉയർന്ന നിലവാരവും ശേഷിയും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക
- നിശ്ചിത പ്രായത്തിൽ ലോകത്തെവിടെയുമുള്ള അറിവും കഴിവും വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും കൈവശപ്പെടുത്തി എന്ന് ഉറപ്പുവരുത്തുക.
- എല്ലാ വിദ്യാർത്ഥികൾക്കും സ്വയം കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കുവാനും മതേതരത്വം, ജനാധിപത്യബോധം, തുല്യതാസഹവർത്തിത്തം, സഹകരണം തുടങ്ങിയ മൂല്യങ്ങൾ കൈവരിക്കാൻ ശേഷി വളർത്തുക.
- പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്ന തരത്തിൽ ദിനാഘോഷങ്ങൾ, ജൈവ വൈവിധ്യ ഉദ്യാനങ്ങൾ എന്നത് തനത് രീതിയിലും പ്രാദേശിക ഭൂമ്ശാസ്ത്ര സ്വഭാവമനുസരിച്ച് രൂപവൽകരിക്കുകയും,പരിരക്ഷിക്കുകയും പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുക. ആവശ്യമെങ്കിൽ വിദഗ്ദ ആസൂത്രണം തേടുക.

- സമൂഹത്തിലെ ബഹുസ്വരങ്ങൾ അംഗീകരിക്കാനും മൂല്യബോധത്തോടെ പരിഗണിക്കാനും കുട്ടികളെ സാമൂഹ്യ യാതാർത്ഥ്യങ്ങളോട് ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കുട്ടികളിലേക്ക്‌ നേരിട്ട് എത്താൻ കഴിയുന്ന മാതൃകകൾ അവതരിപ്പിക്കുക. ഇതരഭാഷാ പഠനത്തിലും വ്യത്യസ്തവും സമഗ്രവുമായ മാതൃകകൾ പിൻതുടരുകയും അതാത് |തലങ്ങളിൽ ഭാഷാശേഷി എല്ലാ കുട്ടികളും നേടിയിട്ടുണ്ട് എന്നുറപ്പുവരുത്തുകയും ചെയ്യുക.
- ശാസ്ത്ര പഠനത്തിന് ശക്തമായ പ്രകൃതീയ തലം രൂപപെടുത്തിയും ശാസ്ത്രീയമായ അറിവ് രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും മാറുന്ന ശാസ്ത്ര ചിന്തകളെ ഉൾക്കൊള്ളുന്നതുമാക്കുക.
- സാമൂഹ്യ ശാസ്ത്ര പഠനം പാഠപുസ്തകത്തിൽ നിന്നും ചരിത്രാന്വേഷണത്തിലേക്കും വിശാല പരിസ്ഥിതിയിലേക്കും സാമൂഹ്യരാഷ്ട്രീയ-സാമ്പത്തിക പശ്ചാത്തലങ്ങളെയും അപഗ്രഥിക്കുന്നതായി മാറുന്ന പ്രവർത്തനങ്ങൾ സൃഷ്ടിക്കുക.
- ഗണിത ബോധനത്തിന്റെ ഓരോ തലത്തിലും അടിസ്ഥാന ശേഷികൾ കൈവരിക്കപ്പെട്ടു എന്നുറപ്പാക്കിക്കൊണ്ട് പഠനപ്രക്രിയ രൂപപ്പെടുത്തുക. വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന മാതൃകകൾ, ഉപകരണങ്ങൾ, ഉദാഹരണങ്ങൾ എന്നിവ ഉപയോഗിക്കുക.
- ഡ്രോപ്പ് ഔട്ട് ഫ്രീ സ്കൂൾ എന്ന ആശയത്തിലൂന്നി വിദ്യാഭ്യാസ പ്രക്രിയയിൽ നിന്നും പിൻ തിരിഞ്ഞ് നിൽക്കുന്ന ഗോത്ര വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കാനുള്ള സമഗ്രമായ പ്രൊജക്റ്റ് തയ്യാറാക്കി സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പാക്കുക.
- മാസത്തിലൊരിക്കൽ അധ്യാപകർ, ജനപ്രതിനിധികൾ, പ്രൊമോട്ടർമാർ, ജനമൈത്രി പോലീസ്, പ്രമുഖ വ്യക്തികൾ എന്നിവരും ഉൾപ്പെടുത്തി കോളനി സന്ദർശനം നടത്തിയും ആകർഷക പദ്ധതികൾ ആവിഷ്കരിച്ചും പുനഃപ്രവേശം ഉറപ്പ് വരുത്തുക.
- അയൽപക്ക വിദ്യാലയം' എന്ന ആശയം അന്വർത്ഥമാക്കുമാറ് കാച്ച്മെന്റ് ഏരിയയിൽ നിന്നും നഷ്ടപ്പെടുന്ന വിദ്യാർത്ഥികളെ ആകർഷിക്കാൻ മികവുറ്റ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- കലാ-സാമൂഹ്യ-സാംസ്കാരിക-കാലിക രംഗത്ത് പ്രവർത്തിക്കുന്നവരെ ഉൾ പ്പെടുത്തിയുള്ള സംവാദങ്ങൾ, അനുഭവപരിചയം പങ്ക് വെയ്ക്കൽ ,അവതരണം എന്നിവ സംഘടിപ്പിക്കുക.

- വായന പോഷണത്തിനായി ക്ലാസ് വായനശാല, വായനമൂല, ഫെൻസ്സ് ലൈബ്രറി എന്നിവ ക്രമീകരിക്കുക. വായനശാലകളെ ഉൾപ്പെടുത്തി 'അയൽപക്ക വായന ' വികസിപ്പിക്കുക.
- അന്യം നിന്ന കലാരൂപങ്ങളെ പുനർ സൃഷ്ടിക്കാനും തിരിച്ചെത്തിക്കാനുമായി പ്രത്യേക കലാസംഘങ്ങൾ രൂപീകരിക്കുകയും പരിശീലനം നൽകി അവതരിപ്പിക്കുകയും ചെയ്യുക.
- കായിക രംഗത്തെ പ്രാഗത്ഭ്യം വർദ്ധിപ്പിക്കുന്നതിന് കായിക ക്ഷമതയും തുടർന്ന് വിദഗ്ദ പരിശീലനവും നൽകാൻ നടപടി സ്വീകരിക്കുക.
- IT സാങ്കേതിക വിദ്യ ഫലപ്രദമായി വിനിയോഗിക്കുവാനും വിനിമയം ചെയ്യുവാനും പരിശീലനം നേടുന്നതിനൊപ്പം അത് ഫലപ്രദമായി വിദ്യാർത്ഥികളിലെത്തിക്കുകയും ചെയ്യുക.
- ലഹരി വിരുദ്ധ മനോഭാവം, ഗതാഗത ബോധവത്ക്കരണം, മനുഷ്യാവകാശം,മതേതര മനോഭാവം,യുദ്ധവിരുദ്ധത,സ്ത്രീകളോടും കുട്ടികളോടും പരിഗണന, പാർശ്വ വല്ക്കരിക്കപ്പെട്ടവരോടുള്ള സഹകരണം, ദിനാചരണങ്ങളോടും സ്കൂൾ അസംബ്ലികളോടും,സ്കൂൾ പാർലമെന്റുമായി ബന്ധപ്പെടുത്തിയും അക്കാഡമിക മേഖലയോട് ബന്ധപ്പെടുത്തുക.
- മഴക്കുഴികൾ,കുടിവെള്ള സംഭരണികൾ,കിണർ റീ ചാർജിംഗ് ഉദ്യാനങ്ങൾ,ജൈവ കൃഷി ഇത്യാതി പ്രവർത്തനങ്ങളെ അനുയോജ്യമായ വിധം അക്കാദമികമായി ബന്ധപ്പെടുത്തുക.
- സ്കൂൾ പരിസരത്തിന്റെ സംരക്ഷണവും മാലിന്യ നിർമാർജനവും ഓരോ വ്യക്തിയുടെയും വ്യതിഗതവും സാമൂഹ്യവുമായ ഉത്തരവാദിത്തമാണെന്നുള്ള ചിന്തയെ ശക്തികെടുത്തുക.
- നവ മാധ്യമങ്ങൾ, ഡോക്യുമെന്ററികൾ, സ്കൂൾ ബ്ലോഗ് , ഐടി സാങ്കേതിക വിദ്യ എന്നിവ ഉപയോഗമെടുത്തി സ്കൂൾ പ്രവർത്തനങ്ങൾ ജനകിയവൽകരിക്കുകയും,ആകർ ഷകമാക്കുകയും ചെയ്യുക.
- സ്കൂൾ പ്രവർത്തനങ്ങളെ എകോപിപ്പിക്കാനും സഹായിക്കാനും,സാംസ്കാരിക വേദികൾ, ക്ലബ്ബുകൾ,സന്നദ്ധ സംഘടനകൾ, ലൈബ്രറികൾ, തദ്ദേശ സ്വയം ഭരണ വകുപ്പുകൾ പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ, സ്കൂൾ വികസന സമിതി എന്നിവരുടെ സഹായം ഉറപ്പുവരുത്തുക.
- സ്കൂൾ മേളകൾ പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക. വിദ്യാലയം മികവിന്റെ കേന്ദ്രമായും ഗ്രാമത്തിന്റെ സാംസ്കാരിക കേന്ദ്രമായും മാറ്റിയെടുക്കുക.

- സർവ്വോപരി വിദ്യാലയം കുട്ടി അവന്റെ വ്യക്തിഗത വളർച്ചക്കും സാമൂഹ്യ വളർച്ചക്കും അടിസ്ഥാനമാണെന്നും തിരിച്ചറിഞ്ഞ് പഠനം ചുമതലാ ബോധമാക്കി മാറ്റാനുള്ള സാഹചര്യം ഒരുക്കുക.

## ചരിത്ര നേട്ടങ്ങളിലൂടെ

കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.എസി വിജയശതമാനം

| വർഷം | സ്കൂളിലെ ആകെ കുട്ടികൾ | വിജയിച്ച കുട്ടികളുടെ എണ്ണം | A+ നേടിയ കുട്ടികളുടെ എണ്ണം | വിജയശതമാനം |
|---|---|---|---|---|
| 2021 | 246 | 237 | 38 | 96 |
| 2022 | 210 | 201 | 11 | 9 |
| 2023 | 218 | 216 | 15 | 99 |
| 2024 | 201 | 190 | 18 | 95 |
| 2025 | 196 | 184 | 16 | 94 |

SSLC, Plus 2 വിജയ ശതമാനം ഉയർത്തുന്നതിന് അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും നേതൃത്വത്തിൽ മികവുറ്റ ആസൂത്രണ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പഠനക്കൂട്ടങ്ങൾപഠന ക്യാമ്പുകൾ, ഗൃഹ സന്ദർശനം, കോളനി സന്ദർശനം, നിർധനരായ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കൽ, ആവശ്യമായ പരിഹാരബോധനം നൽകൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പത്താം തരത്തിലെ വിദ്യാർത്ഥികൾക്ക് രാവിലെ 9 മണി മുതൽ 10 വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും ക്വാളിറ്റി ഇംപ്രൂവ്മെന്റ് പരിപാടി (QIP) നടപ്പിലാക്കി വരുന്നു. ഗ്രേഡ് കരസ്ഥമാക്കുന്നതിനായി പ്രത്യേക പരിശീലനം ലഭ്യമാക്കുന്നു.

## അധ്യാപക ശാക്തീകരണം

ഗുണമേനയുള്ളവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി അധ്യാപകരെ ഏകോപികിച്ചു കൊണ്ട് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. ICT പരിശിലനം,സ്പോക്കൺ ഇംഗ്ലീഷവിദ്യാഭ്യാസ വെബ്സൈറ്റുകൾ,ബ്ലോഗുകൾ എന്നിവ പരിചയപ്പെടുത്തുന്നതിനും, പരിശീലിക്കുന്നതിനും സംരഭങ്ങൾ ഒരുക്കുന്നു. 2016 മുതൽ സ്കൂളിന്റെ പേരിൽ ഒര ബ്ലോഗും പ്രകാശനം ചെയ്തു, സബ്ജക്ട് കൗൺസിലുകൾ വിവിധ ക്ലബുകളുടെ ദിനാചരണങ്ങൾ എന്നിവയിലും മികവിന്റെ പടവുകൾ ഉയർത്തുവാൻ വിദ്യാലയത്തിലെ അധ്യാപകർക്കും കഴിഞ്ഞു.

## അക്കാദമിക നേട്ടങ്ങൾ

ഒൻപതാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നവപ്രഭ പഠന പദ്ധതി, എട്ടാം ക്ലാസ് വിദ്യാത്ഥികൾക്ക് വേണ്ടി 'ശ്രദ്ധ മികവ് പരിശീലനവും വർഷങ്ങളായി നടപ്പിലാക്കി വരുന്നു. കോളനി സന്ദർശനം,ഗൃഹ സന്ദർശനം,അധ്യാപക രക്ഷാകർത്യ കൂട്ടായ്മ എന്നിവയും പഠന മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഏറെ സഹായകരമായിത്തിർന്നു.

## കലാ മികവുകൾ

സ്കൂൾ കലോത്സവം,ഗോത്ര ഫെസ്റ്റ് എന്നീ ഇനങ്ങളിലുണ്ടായ ശ്രദ്ധേയമായ നേട്ടം എടുത്ത് പറയാവുന്നതാണ്.കലാ മികവിന്റെ അംഗീകാരമായി സംസ്ഥാന തലത്തിൽ ഒപ്പനയിൽ മികച്ച ഗ്രേഡോടെ വിജയത്തിളക്കം നേടി.ജില്ലാ കലാമേളയിൽ ഗവൺമെന്റ് സ്കൂളുകളിൽ നാലാം സ്ഥാനവും,സബ് ജില്ലാ സംസ്കൃതോത്സവത്തിൽ മൂന്നാം സ്ഥാനവും അറബിക് കലോത്സവത്തിൽ ഉന്നത മികവും കരസ്ഥമാക്കാൻ നമുക്ക് സാധിച്ചു.

## ശാസ്ത്രോത്സവം/പ്രവർത്തി പരിചയ മേള/സാമൂഹ്യ ശാസ്ത്ര മേള

സംസ്ഥാന തലത്തിൽ പ്രവർത്തി പരിചയ മേളയിൽ പ്ലാസ്റ്റർ ഓഷ് പാരിസ് , പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ഉത്പ്പന്നങ്ങൾ എന്നി ഇനങ്ങളിൽ മികച്ച ഗ്രേഡ് കരസ്ഥമാക്കി വിജയ സോപാനത്തിലേറി. സാമൂഹ്യ ശാസ്ത്രമേളയിൽ ആഗോള താപനം-പ്രശ്നവും പ്രതിസന്ധിയും എന്ന നിശ്ചല മാതൃക A ഗ്രേഡോടെ അംഗീകാരം നേടി.

## കായിക മികവ്

ദേശീയ സ്കൂൾ കായിക മേളയിൽ സബ് ജൂനിയർ ഷോട്ട്പുട്ട് ഇനത്തിൽ ഉന്നത നേട്ടം കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. പതിനേഴ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ദേശിയ ഫുട്ബാൾ മേളയിൽ കേരള സംസ്ഥാനത്തിന്റെ വിജയ പതാകയേന്താൻ

വിദ്യാലയത്തിന് കഴിഞ്ഞു. സംസാന തലത്തിൽ കായിക മേളയിൽ സബ് ജൂനിയർ വിഭാഗം ഷോട്ട് പുട്ട് മത്സരത്തിൽ രണ്ടാം സ്ഥാനം, ഗെയിംസ് ഇനത്തിൽ ഫുട്ബോളിലും നേട്ടം കൊയ്യാൻ സാധിച്ചത് സ്കൂളിന്റെ ചരിത്രത്തിലെ അഭിമാനങ്ങളാണ്.

**JRC / സാമൂഹിക ആതുര സേവന പ്രവർത്തനങ്ങൾ**

50 കുട്ടികൾ ഉൾപ്പെടുന്ന ജൂനിയർ റെഡ് ക്രോസ് സന്നദ്ധ സേവനത്തിലും ആതുര സാമൂഹിക പ്രവർത്തനത്തിലും മികച്ച പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നിർധനരായ രോഗികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും ഓണം,ക്രിസ്തുമസ് ആഘോഷ വേളകളിൽ സൗജന്യ ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. സ്നേഹപൂർവ്വം കൈത്താങ്ങ് പദ്ധതിക്ക് തുടക്കം കുറിച്ചു. മാനസിക വൈകല്യം നേരിടുന്നവരെ ശുശ്രൂഷിക്കുന്ന 'തപോവനം' അഗതി മന്ദിരത്തിലെയ്ക്ക് സ്നേഹ വിരുന്ന് സംഘടിപ്പിച്ചു. പായസ വിതരണം,വസ്ത്രം, മരുന്നുകൾ, സ്റ്റേഷനറി സാധനങ്ങൾ അവർക്ക് എത്തിക്കുകയും ചെയ്തു.

**Students Police Cadets (SPC )**

2021 ൽ 44 കുട്ടികളുമായി SPC യൂണിറ്റ് ആരംഭിച്ചു. 2023 ൽ ജില്ലയിലെ മികച്ച പരേഡ് ചീരാൽ സ്കൂളിലെ കേഡറ്റ്സിന്റേതായിരുന്നു. നൂൽപ്പുഴ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ SPC സ്റ്റുഡന്റ്സിന് മികച്ച പരിശീലനം നൽകി വരുന്നു.

**ലിറ്റിൽ കൈറ്റ്സ്**

8,9,10 ക്ലാസുകളിലെ ഐ.ടി. രംഗത്ത് താൽപര്യം ഉള്ള കുട്ടികളെ ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരിച്ച് വരുന്നു. വീഡിയോ എഡിറ്റിംഗ്, ഡിജിറ്റൽ മാഗസീൻ തയ്യാറാക്കൽ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. ഐ.ടി മേളയിലും കുട്ടികളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാനും ഈ ക്ലബിലൂടെ കഴിയുന്നുണ്ട്.

## പ്രോത്സാഹനങ്ങൾ,മികവുകൾ

സ്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന പ്രോത്സാഹനങ്ങളും സഹായങ്ങളും വിവിധ ഏജൻസികളും വ്യക്തികളും നൽകുകയുണ്ടായി. സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, കുടിവെള്ളം, പഠന സാമഗ്രികൾ എന്നിവയ്ക്ക് വിവിധ വ്യക്തികൾ പ്രോത്സാഹനങ്ങൾ നൽകി.

സംസ്ഥാന-ദേശീയ അധ്യാപക അവാർഡ് നേടിയ അധ്യാപകർ, അക്കാദമിക മികവിന് പരിപോഷണം നൽകിയ അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, സാംസ്കാരിക പ്രവർ ത്തകർ എന്നിവർ മുതൽക്കൂട്ടായി വിദ്യാലയത്തോടൊപ്പം എന്നും
നിലകൊള്ളുന്നു, സംസ്ഥാന തലത്തിൽ 'മോഡൽ പാർലമെന്റ് 'മൂന്നാം സ്ഥാനവും മികച്ച അംഗീകാരവും നേടാൻ സാധിച്ചു.

സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ശാസ്ത്ര മികവുകളുടെ ആവിഷ്ക്കാരം' എന്ന പദ്ധതി ആരംഭിച്ചു. ശാസ്ത്രനാടകം, ശാസ്ത്രീയ പരീക്ഷണങ്ങൾ, ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങൾ, ശാസ്ത്ര ചർച്ചാ ക്ലാസുകൾ എന്നിവ ക്ലാസ് തലത്തിലും സ്കൂൾ തരത്തിലും മികവുറ്റ രീതിയിൽ സംഘടിപ്പിച്ചു വരുന്നു.

ഗണിതശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ ഗണിതപൂക്കളം, ഗണിതശാസ്ത്ര സെമിനാറുകൾ, പഠന പ്രശ്നോത്തരി മത്സരവും കുട്ടികൾക്ക് വേണ്ടി നടത്തി വരുന്നു. റോഡ് സുരക്ഷാ ക്ലബ് നിയമ ക്ലബ്, പരിസ്ഥിതി  ക്ബ്, ഭാഷാ വിഭാഗങ്ങളിൽ സംസ്കൃതം, അറബിക്, ഇംഗ്ലീഷ്, ഹിന്ദി എന്നിവയിൽ കുട്ടികൾക്കു പ്രാവീണ്യവും സർഗശേഷിയും ഉൾക്കൊള്ളുന്ന വിവീധ പദ്ധതികൾ ആവിഷ്കരിച്ചു

സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദേശീയ ദിനാചരണങ്ങൾ ശ്രദ്ധേയമായിരുന്നു. സ്വാതന്ത്രദിനാഘോഷത്തോടനുബന്ധമായി എല്ലാ വർ ഷവും സ്വാതന്ത്യദിന സന്ദേശ റാലി, ചരിത്ര മുഹൂർത്തങ്ങളുടെ ദൃശ്യാവിഷ്കാരം, ദേശീയോദ്ഗ്രഥന ഗാനോപഹാരം എന്നിവ നാടിന്റെ അഭിമാനമായിത്തിർന്നു.

# അക്കാദമിക പരിമിതികൾ

- കൊഴിഞ്ഞുപോക്ക്

ഗോത്രവിഭാഗങ്ങളിൽ പെടുന്ന കുട്ടികൾ താരതമ്യേന കൂടുതലായ ഈ പ്രദേശത്ത് കൊഴിഞ്ഞുപോക്ക് ഒരു പ്രധാന പരിമിതിയായി തീരുന്നു. മേൽ വിഭാഗത്തിൽപെട്ട കുട്ടികൾ വിദ്യാദ്യാസത്തിന് കാര്യമായ പ്രാധാന്യം കൽപ്പിക്കുന്നില്ല. ആയതിനാൽ അവർ വിദ്യാലയത്തോട് വലിയ താത്പര്യം കാണിക്കാത്തതിനാൽ അവർ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളോട് വിമുഖത കാണിക്കുന്നു

- ഹാജർ നില കുറവ്

കുട്ടികൾക്ക് പഠിക്കാനുളള താൽപര്യക്കുറവും, കാർഷീക മേഖലയായതിനാൽ വിളവെടുപ്പ് സമയങ്ങളിൽ കുറുറഞ്ഞ വേതനത്തിന് വിവിധ ജോലികടളിൽ ഏർപെടുകയും ചെയ്യുന്നത് പതിവാണ്. തുച്ഛമാണെങ്കിലും അവർക്ക് കിട്ടുന്ന വേതനം കുട്ടികളെ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിൽ പിന്നോട്ടടിക്കുന്നു. ഇക്കാരണത്താൽ അവർ പഠനത്തിന് കാര്യമായ മുൻതൂക്കം കൽപ്പിക്കുന്നില്ല.

- ഭാഷാപരമായ വൈകല്യം

ഗോത്രവിഭാഗക്കാർക്ക് അവരുടേതായ പരമ്പരാഗത ഭാഷയുണ്ട്. സ്കൂളിൽ അധ്യാപകരോടും മറ്റ് വിദ്യാർത്ഥികളോടും ആശയവിനിമയം നടത്തുവാൻ ഇക്കൂട്ടർക്ക് പ്രയാസം നേരിടുന്നതിനാൽ ഇത്തരക്കാർ ക്ലാസിലെലെ പഠന്പ്രവർത്തനങ്ങളിൽ കാര്യമായി പങ്കെടുക്കുന്നില്ല. ഇത് സ്കൂളിനോട് വീമുഖതക്കുളള മറ്റൊരു കാരണമാണ്.

- വർഗീയമായ അപകർഷതാ ബോധം

മറ്റുള്ളവരുടെ മുന്നിൽ തങ്ങൾ സാമൂഹ്യ പിന്നോക്കാവസ്ഥയിലുളളവരാണെന്ന ധാരണ മിക്ക കുട്ടികളും വെച്ചു പുലർത്തുന്നു. ഇക്കാരണത്താൽ മറ്റ് വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും

സ്വതന്ത്രമായി ഇടപെടുന്നതിന് ഇത്തരക്കാർ വിമുഖത പ്രകടിപ്പിക്കുന്നതായി മനസിലാക്കിയിട്ടുണ്ട്.

- സാമ്പത്തിക പ്രശ്നങ്ങൾ

കാർഷിക ജില്ലയായ വയനാഴിൽ 90 ശതമാനത്തോളം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന മറ്റ് കുട്ടികളെ പോലെ പാഠനോപകരണങ്ങൾ, യൂണിഫോം, യാത്രസൗകര്യം മുതലായവ ലഭിക്കാതെ വരുന്നത് ഇത്തരക്കാരിൽ അപകർഷതാ ബോധം വളർത്താനും ക്രമേണ സ്കൂളിൽ നിന്ന് വിട്ടുനിൽക്കാനും കാരണമാകുന്നു.

- കുടുംബപരമായ പ്രശ്നങ്ങൾ , അരക്ഷിതാവസ്ഥ , ലഹരിയുടെ ഉപയോഗം

കുടുംബാംഗങ്ങൾ തമ്മിലുള്ള ചേർച്ചയില്ലായ്മ, മാതാപിതാക്കളുടെ ലഹരി ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ കുട്ടികളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു. ഇത്തരക്കാർ സ്നേഹത്തിനും പരിഗണനക്കും വേണ്ടി പല ചതിക്കുഴികളിൽ വീഴുകയും (കമേണ സ്കൂളിൽ വരാതിരിക്കുകയും ചിലരെങ്കിലും  സാമൂഹ്യദ്രോഹികളുമായി ചങ്ങാത്തം സ്ഥാപിച്ച് വഴിതെറ്റി പോകാൻ ഇടയാകുകയും ചെയ്യുന്നതാണ് . ഇത്തരം കുട്ടികൾ മറ്റുള്ള കുട്ടികൾക്കും പ്രേരണയാകാറുണ്ട്.

- വരുമാനത്തിലേക്കുള്ള ആകർഷണം

സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക്, കാർഷിക വിളവെടുപ്പ് കാലത്ത് ചെറിയ ജോലികളിൽ ഏർ പെട്ട് സാമ്പത്തിക വരുമാനം ഉണ്ടാക്കുവാൻ കഴിയുന്നുണ്ട്. ഇതിൽ ആകൃഷ്ടരായ കുട്ടികൾ ക്രമേണ സ്കൂളുകളിൽ നിന്ന് പിൻവലിയുന്നു.

- യാത്രാസൗകര്യങ്ങളുടെ അഭാവം

കുന്നുകളും മലകളും താണ്ടി , സ്കൂളിൽ എത്തിച്ചേരാൻ മിക്കകുട്ടികൾക്കും സാധിക്കുന്നില്ല . കിലോ മീറ്ററുകളോളം യാത്ര ചെയ്ത് സ്കൂളുകളിലേയ്ക്ക് വരുവാൻ പഠനത്തിൽ പിന്നോക്കം നിൽ ക്കുന്ന കൂട്ടികൾ സാധാരണ താത്പര്യം കാണിക്കുന്നില്ല.

- രക്ഷിതാക്കളുടെ അവബോധമില്ലായ്മ

ഭൂരിഭാഗം രക്ഷിതാക്കളും പ്രത്യകിച്ചും ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുന്നവർ , വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തതിനാൽ കുട്ടികളുടെ വിദ്യാദ്യാസത്തിൽ പ്രാധാന്യം നൽകുന്നില്ല , ഇക്കാരണത്താൽ , കുട്ടികൾ എന്ത് പഠിക്കുന്നു ? എങ്ങനെ പഠിക്കുന്നു ? എന്നൊന്നും ഇത്തരക്കാർ ശ്രദ്ധിക്കുന്നില്ല . ഇത് മുതലെടുത്ത് കുട്ടികൾ അവർക്ക് താത്പര്യമുള്ള

മേഖലകളിലേക്ക് ചേക്കേറുകയും സാമൂഹ്യ വിരുദ്ധരുടെ കൂട്ടുകെട്ടുകളിൽ ചെന്നുപെടുകയും ചെയ്യുന്നു .

- അസുഖങ്ങൾ , പകർച്ചവ്യാധികൾ

ചില രക്ഷിതാക്കളെങ്കിലും , ഇപ്പോഴും ആത്മവിശ്വാസങ്ങളും , അനാചാരങ്ങൾ പിന് തുടരുന്നവരാണ് മാറാരോഗങ്ങൾ പോലും , ഇത്തരക്കാർ വൈദ്യചികിത്സാ തേടാതെ , മന്ത്രവാദം , നാട്ടുവൈദ്യം എന്നിവയെ ആശ്രയിക്കുന്നു , കൂടാതെ മിക്ക സ്ഥലങ്ങളും വൃത്തിഹീനമായതിനാൽ , ഈച്ച , കൊതുക് മുതലായവ പെരുകി ധാരാളം പകർച്ച വ്യാധികൾ പെരുകുന്നു. ഇത്തരം അസുഖങ്ങൾ , ഇവരെ സ്കൂളിൽനിന്ന് പിൻമാറുന്നതിന് പ്രേരിപ്പിക്കുന്നു .

- വന്യമൃഗശല്യം

സമീപ കാലത്ത് വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം അതിരുകടക്കുകയാണ് വിദ്യാലയങ്ങൾക്ക് സമീപം പോലുംവന്യമൃഗങ്ങൾ സ്വൈരമായി വിഹരിക്കുന്നു . കാട്ടിനുള്ളിലും മറ്റും താമസ്സിക്കുന്ന കുട്ടികളെ കിലോദമീറ്ററുകളോളം വനത്തിലൂടെ യാത്ര ചെയ്ത് സ്കൂളകളിലേക്ക് അയക്കാൻ രക്ഷിതാക്കൾ താത്പര്യം കാണിക്കാത്ത സാഹചര്യം ഉണ്ട്.

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

റവന്യൂ ജില്ലയുടെ പേര്: വയനാട്

1. വിദ്യാലയത്തിന്റെ പേര് : ജി.എച്ച്.എം. എസ്. എസ്. ചീരാൽ
2. വിലാസം : ചീരാൽ
3. ഫോൺ നമ്പർ : 04936 262217
4. ഇ-മെയിൽ വിലാസം : hmgmhscheerall@gmail.com
5. സ്കൂൾ കോഡ് : 15059
6. സ്കൂൾ തരം (ആൺകുട്ടികൾ/പെൺകുട്ടികൾ/ രണ്ടും കൂടിയുള്ളത്):

   രണ്ടും കൂടിയത്
7. ക്ലാസ് (സ്റ്റാൻഡാർഡ്) : ആരംഭം - 8 അവസാനം - 12
8. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് : സർക്കാർ
9. സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് : പൊതുവിദ്യാഭ്യാസവകുപ്പ്
10. വിദ്യാഭ്യാസജില്ല : വയനാട്
11. വിദ്യാഭ്യാ ഉപജില്ല : സുൽത്താൻ ബത്തേരി
12. സ്കൂൾ സ്ഥാപിച്ച വർഷം : 1956
13. അസംബ്ലി നിയാജകമണ്ഡലം : സുൽത്താൻ ബത്തേരി
14. പാർലമെന്റ് നിയാജകമണ്ഡലം : വയനാട്
15. റൂറൽ/ അർബൻ : റൂറൽ
16. ബ്ലാക്ക് പഞ്ചായത്ത് : സുൽത്താൻ ബത്തേരി
17. താലൂക്ക് : സുൽത്താൻ ബത്തേരി
18. വില്ലേജ് : ചീരാൽ
19. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ : നെന്മേനി ഗ്രാമപഞ്ചായത്ത്

**ആറാം അദ്ധ്യയനദിനം 10 ജൂൺ 2025**

**വിദ്യാർഥികളുടെ എണ്ണം**

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC (OTHER THAN MUSLIM) | | | OTHERS | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 8 | 5 | 72 | 72 | 144 | 4 | 0 | 4 | 22 | 33 | 55 | 25 | 22 | 47 | 7 | 2 | 9 | 13 | 14 | 27 | 1 | 1 | 2 | 26 | 25 | 51 | 46 | 47 | 93 |
| 9 | 5 | 94 | 113 | 207 | 6 | 4 | 10 | 25 | 57 | 82 | 24 | 19 | 43 | 4 | 3 | 7 | 26 | 24 | 50 | 9 | 7 | 16 | 22 | 29 | 51 | 72 | 84 | 156 |
| 10 | 5 | 91 | 106 | 197 | 0 | 4 | 4 | 38 | 36 | 74 | 17 | 24 | 41 | 5 | 12 | 17 | 27 | 26 | 53 | 4 | 4 | 8 | 31 | 41 | 72 | 60 | 65 | 125 |
| Total | | 257 | 291 | 548 | 10 | 8 | 18 | 85 | 126 | 211 | 66 | 65 | 131 | 16 | 17 | 33 | 66 | 64 | 130 | 14 | 12 | 26 | 79 | 95 | 174 | 178 | 196 | 374 |

**മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം**

| STD | MALAYALAM | | | ENGLISH | | | TAMIL | | | KANNADA | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 8 | 52 | 45 | 97 | 20 | 27 | 47 | 0 | 0 | 0 | 0 | 0 | 0 | 72 | 72 | 144 |
| 9 | 54 | 60 | 114 | 40 | 53 | 93 | 0 | 0 | 0 | 0 | 0 | 0 | 94 | 113 | 207 |
| 10 | 67 | 63 | 130 | 24 | 43 | 67 | 0 | 0 | 0 | 0 | 0 | 0 | 91 | 106 | 197 |
| Total | 173 | 168 | 341 | 84 | 123 | 207 | 0 | 0 | 0 | 0 | 0 | 0 | 257 | 291 | 548 |

**ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം**

| STD | MALAYALAM | | | SANSKRIT | | | ARABIC | | | URDU | | | GUJARATHI | | | TAMIL | | | KANNADA | | | ADT. HINDI | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 8 | 61 | 59 | 120 | 3 | 7 | 10 | 8 | 6 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 72 | 72 | 144 |
| 9 | 73 | 93 | 166 | 12 | 11 | 23 | 9 | 9 | 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 94 | 113 | 207 |
| 10 | 81 | 88 | 169 | 4 | 9 | 13 | 6 | 9 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 91 | 106 | 197 |
| Total | 215 | 240 | 455 | 19 | 27 | 46 | 23 | 24 | 47 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 257 | 291 | 548 |

# മുൻ സാരഥികൾ

1. ശ്രീ.വർഗ്ഗീസ് മാത്യു (03.06,1968-21.02.1973)
2. ശ്രീ.കെ.പി.അബ്രഹാം (22.02.1973-12.01.1974)
3. ശ്രീ.എം.ചെല്ലപ്പൻ (27.05.1974-09.06.1976)
4. ശ്രീമതി.എൻ.കനകാമ്മ (22.06.1976-25.05.1978)
5. ശ്രീ.പി.ബാലകൃഷ്ണൻ (07.06.1978-31.05.1980)
6. ശ്രീ.പുരുഷോത്തമൻ പണിക്കർ (21,06,1980-01.06.1981)
7. ശ്രീ.പി.എൻ.കൃഷ്ണൻ നായർ (20.06.1981-20.05.1982)
8. ശ്രീ.വി.എം.വർഗ്ഗീസ് (24.08.1982-25.07.1983)
9. ശ്രീ.വി.ടി.ജോസഫ് (01.09.1983-07.05.1984)
10. ശ്രീ.വർഗ്ഗീസ് മാത്യു (10.10.1984-20.05.1986)
11. ശ്രീ.കെ.എസ്.ടെന്നിസൺ (26.05.1986-03.07.1986)
12. ശ്രീ.വർഗ്ഗീസ് മാത്യു (21.07.1986-24.05.1989)
13. ശ്രീമതി.അന്നമ്മ മണി (10.06.1980-17.09.1990)
14. ശ്രീ.കൃഷ്ണൻ കുട്ടി (27.10.1990-01.06.1992)
15. ശ്രീ.കെ.എൻ.രാജപ്പൻ (03.08.1992-06.06.1994)
16. ശ്രീ.എം.ടി.അഹമ്മദ് കോയ (06.06.1994-23.12.1994)
17. ശ്രീ.കെ.എൻ.രാജപ്പൻ (23.12.1994-28.10.1996)
18. ശ്രീമതി.എൻ.ഐ.തങ്കമണി (01.01.1996-09.05.1997)
19. ശ്രീമതി.സൂസി കുരുവിള (09.05.1997-16.05.1998)

20.ശ്രീമതി.ആലീസ് ഉമ്മൻ (16.05.1998-31.03.2002)

21.ശ്രീ.ബാലകൃഷ്ണൻ നമ്പ്യാർ (13.06.2002-15.05.2003)

22.ശ്രീമതി.കെ.എം.എൽസി ചാക്കോ (05,06.2003-02.06.2004)

23.ശ്രീ.സി.ഗോപാലൻ(12.11.2004-01.06.2005)

24.ശ്രീ.ശ്രീകൃഷ്ണൻ കെ.പി (01.06.2005-31.05.2008)

25.ശ്രീ.അബ്ദുൾ റഹ്മാൻ.വി.പി (03.06.2008-22.07.2008)

26.ശ്രീ.പോക്കർ.കെ (22.07.2008-29.06.2009)

27.ശ്രീമതി.യു.ബേബി ഗിരിജ (01.07.2009-31.03.2010)

28.ശ്രീ.ധർമ്മരാജൻ.കെ (12.04.2010-31.03.2011)

29.ശ്രീ.ശശിധരൻ പട്ടയിൽ (19.05.2011-30.03.2013)

30.ശ്രീ.ഗോപാലകൃഷ്ണൻ തച്ചങ്ങാട്ട് (13.06.2013-31.03.2015)

31.ശ്രീ.പി.ടി.മുഹമ്മദ് സുബൈർ (03.06.2015-08.06.2016)

32.ശ്രീ.എൻ.ടി.ജോൺ (08.06.2016 -31.03.2018)

33.ശ്രീ.കെ.കെ.സനൽ കുമാർ (31.05.2018 - 31/03/2020)

34.ശ്രീ.വി.ടി.എബ്രഹാം (31.05.2020 -31/03/2022)

35.ശ്രീമതി.റീന. പി (09.06.2022 -31/03/2024)

36.ശ്രീമതി.ശ്രീജ. ബി. എം (20.04.2024 -19/06/2024)

37.ശ്രീമതി.സരിത. എ (22.10.2024 -03/06/2025)

38.. **ശ്രീ. ദിനേശൻ കെ. (04.06.2025-**

| അധ്യാപകരുടെ പേര് വിവരങ്ങൾ | | |
|---|---|---|
| എണ്ണം | പേര് | തസ്തിക |
| 1 | ദിനേശൻ കെ. | ഹെഡ് മാസ്റ്റർ |
| 2 | ദീപ വെങ്ങാട്ടേരി. | Hst ഇംഗ്ലീഷ് |
| 3 | രേഷ്മ പി.പി | മലയാളം |
| 4 | ജോർജ് പി.പി | സോഷ്യൽ സയൻസ് |
| 5 | അബ്ദുൾ അലി മണ്ണിൽകടവൻ | അറബിക് |
| 6 | സൗമ്യ ദേവി | ബയോളജി |
| 7 | ബിവിന കെ.ബി | മലയാളം |
| 8 | ഷിമ എ. | ബയോളജി |
| 9 | അനില എ.എസ് | ഫിസിക്കൽ സയൻസ് |
| 10 | രാഖി വി.പി | ഗണിതം |
| 11 | സിദ്ധിഖ് കെ.കെ | ഗണിതം |
| 12 | സിന്ധു കെ.സി. | മലയാളം |
| 13 | ആഗ്നസ് ഐറിൻ | ഗണിരതം |
| 14 | സൗമ്യ എം.ആർ | മലയാളം |
| 15 | കനീഷ എ.കെ | ഫിസിക്കൽ സയൻസ് |
| 16 | ഷൈനി എൽ. | ഫിസിക്കൽ സയൻസ് |
| 17 | ഷൈജ റ്റി. | PET |
| 18 | സജിനി. എ.ഡി. | സോഷ്യൽ സയൻസ് |
| 19 | നിമ്മി ആൻ ജോർജ് | Art Education |
| 20 | വിജയലക്ഷ്മി കെ.പി. | സംസ്കൃതം |
| 21 | ആതുര്യ | സോഷ്യൽ സയൻസ് |
| 22 | സിനി കെ. യു. | സോഷ്യൽ സയൻസ് |
| 23 | ലീന കെ.എ | ഹിന്ദി |
| 24 | സവിത വി.പി. | ഗണിതം |
| 25 | ദിവ്യമോൾ | കൗൺസിലർ |

| അധ്യാപകേതര ജീവനക്കാർ | | |
|---|---|---|
| എണ്ണം | പേര് | തസ്തിക |
| 1 | മീന | ക്ലർക്ക് |
| 2 | അശ്വനി വി.ജെ | ഓഫീസ് അസിസ്റ്റന്റ് |
| 3 | വിപിൻ | ഓഫീസ് അസിസ്റ്റന്റ് |
| 4 | ബിന്ദു | FTCM |

# വിഷയമേഖലകൾ

## മലയാളം

ആമുഖം

വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹദ് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹദ്" സംരംഭം വിദ്യാലയത്തിലെ മുഴവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക എന്ന ക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻധാരയിലേക്കെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള പദ്ധതി ഈ അധ്യയന വർഷത്തിൽ  സ്കൂളിലെ മലയാള വിഭാഗം മുന്നോട്ട് വെക്കുന്ന പഠന പദ്ധതി

ലക്ഷ്യങ്ങൾ

- ഭാഷയിലും സാഹിത്യത്തിലും ബൗദ്ധീകവും വൈജ്ഞാനികവുമായ ഉയർന്ന നിലവാരമുള്ള വിദ്യാർത്ഥികളെ രൂപപ്പെടുത്തുക.
- ശരാശരി അതിലും താഴ്ന്ന നിലവാരത്തിലുള്ള കുട്ടികളുടെ ഭാഷാശേഷികളുടെ വികാസം , സർഗാത്മക വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഇതര വിഷയങ്ങളുടേതടക്കദുള്ള അക്കാഡമിക് നിലവാരത്തെ പരിപോഷിപ്പിക്കുന്ന ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

അനുബന്ധ പ്രവർത്തനങ്ങൾ

- പ്രദർശനങ്ങൾ, ശിൽപശാലകൾ, ഫിലിം പ്രദർശനങ്ങൾ , കഥയരങ്ങ്, സർഗ്ഗാത്മക ചർച്ചാ വേദികൾ, അഭിമുഖങ്ങൾ, പൊതുവിജ്ഞാന പ്രശ്നോത്തരികൾ, അടിക്കുറിപ്പ് രചനാമത്സരങ്ങൾ , സർഗ്ഗാത്മക പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക.
- പി.ടി.എ , വിവിധ ഏജൻസികൾ , സാഹിത്യ സാംസ്ക്കാരിക പ്രവർത്തകർ എന്നിവരുടെ സഹായങ്ങൾ ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ സജ്ജികരിക്കണം.

ഉപലക്ഷ്യങ്ങൾ

1. അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത കുട്ടികൾക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ ശേഷികൾ ലഭ്യമാക്കുക
2. വായനാശീലം വളർത്തുന്നതിനും വായനയുടെ പ്രാധാന്യത്തെക്കുറിച്ച് മനസിലാക്കുന്നതിനും.
3. സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും, പ്രോൽസാഹിപ്പിക്കുന്നതിനും,
4. സർഗ്ഗാത്മക രചനകൾ ആസ്വാദന തലത്തിലേയ്ക്ക് എത്തിക്കുക.

| പ്രവർത്തനങ്ങൾ | | പ്രവർത്തന കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|
| അക്ഷരവെളിച്ചം | അക്ഷരങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും വായനയുടെയും എഴുത്തിന്റെയും ലോകത്തേയ്ക്ക് എത്തിക്കുക. വായനാകാർഡ്, ബാലമാസിക, ICT എന്നിവയുടെ സഹായിത്തോടെ | ജൂൺ -മാർച്ച് | മലയാളം അധ്യാപിക |
| പതിപ്പ് തയ്യാറാക്കൽ | എഴുത്ത് മാസ്മരികമായ അനുഭൂതിയാണ്. കഥ,കവിത, ലേഖനം, ആസ്വാദനം എന്നിവ തയ്യാറാക്കാനുള്ള അവസരം. | ജൂൺ -മാർച്ച് | |
| എഴുത്തുകാരെ പരിചയപ്പെടൽ | ദിനാഘോഷവുമായി ബന്ധപ്പെട്ട് സാഹിത്യകാരൻമാരെ പരിചയപ്പെടുന്നു. അന്വേഷണം നടത്തൽ | ജൂൺ -മാർച്ച് | |
| വായനാനുഭവം പങ്കുവെയ്ക്കൽ | ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തി വായനാഭിരുചി പരിപോഷിപ്പിക്കുന്നു. | ജൂൺ -മാർച്ച് | |
| | | | |

# അറബിക്

## ലക്ഷ്യങ്ങൾ

- കുട്ടികളെ അറബി ഭാഷാ പഠനത്തിൽ പൂർണതയുള്ളവരാക്കുക.
- ഓരോ വർഷവും പാഠ്യ പദ്ധതി പ്രകാരം ഓരോ കുട്ടിയും ആർജിക്കേണ്ട പഠന നേട്ടങ്ങൾ നേടിയെടുക്കാൻ സഹായിക്കുക.
- ലോക ഭാഷകളിൽ മുന്നിട്ട് നിൽകുന്ന അറബി ഭാഷയിൽ വായന ശീലം വളർത്തുക.
- അറബി ഭാഷയിലൂടെ അറിവ് നേടാനുള്ള അവസരം ക്ലാസ്സ് റൂമിൽ തന്നെ ഒരുക്കുക.
- അറബി ഭാഷയിൽ തെറ്റ് കൂടാതെ എഴുതുവാനുള്ള കഴിവ് വികസിപ്പിച്ചെടുക്കുക.
- ഒഴുക്കോടെയും വ്യക്തമായും ഉച്ചാരണ ശുദ്ധിയോടെയും അറബി ഭാഷ സംസാരിക്കുവാനും കേട്ട് മനസിലാക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ലോകത്ത് നിരവധി രാജ്യങ്ങളിലെ ഔദ്യോഗിക ഭാഷയായ അറബി ഭാഷയുടെ പഠനത്തിന് കുട്ടികളിൽ താത്പര്യം ഉണ്ടാക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.
- ജനാധിപത്യ മതേതര ബോധം വളർത്തുന്നതിന് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.
- കലകൾ ആസ്വദിക്കുവാനും അവതരിപ്പിക്കുവാനുമുള്ള അവസരം ക്ലാസ്സ് മുറികളിൽ സൃഷ്ടിക്കുക.
- അറബി ഭാഷാ പഠനത്തിൽ ഐടി യുടെ സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള കഴിവും ശേഷിയും നേടുക.
- ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെടുന്ന കുട്ടികളെ മുൻധാരയിൽ എത്തിക്കുന്നതിനുള്ള പിന്തുണ നൽകുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് അറബി ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.

- അറബി ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാനുള്ള പിന്തുണ നൽകുക.

## സംസ്കൃതം

ശൈശവം മുതൽ അമ്മയുടെ മടിയിലിരുന്ന് കേട്ടും സംസാരിച്ചുമാണ് നമ്മൾ മാതൃഭാഷ പഠിച്ചിട്ടുള്ളത്. ഭാഷപഠനത്തിനുള്ള നാല് സ്വാഭാവിക പദ്ധതികളാണ് കേൾക്കുക, പറയുക, വായിക്കുക, എഴുതുക എന്നിവ. ഇവ ഭാഷ പഠനത്തിന്റെ നാല് പടികളാണ്. ഒരു വ്യക്തി തന്റെ നാട് വിട്ടു മറ്റൊരു ഭാഷ സംസാരിക്കുന്ന ദേശത്ത് പോയി താമസിക്കുമ്പോൾ അയാൾ ആ ഭാഷ നിത്യജീവിതത്തിലെ ഉപയോഗം കാരണം അധികം പ്രയത്നം കൂടാതെ കുറച്ച് സമയത്തിനുള്ളിൽ തന്നെ പഠിച്ചെടുക്കുന്നതു പോലെ എല്ലാ കുട്ടികൾക്കും സംഭാഷണത്തിലൂടെ സംസ്കൃതം പഠിക്കുവാൻ സാധിക്കും. സംസാരിക്കുന്നതിലൂടെ ഭാഷ ഗ്രഹിക്കാം, അതിനാൽ പഠിച്ച സംസ്കൃതശബ്ദങ്ങളെയും വാക്യങ്ങളെയും നിത്യജീവിതത്തിൽ ഉപയോഗിക്കുക. എല്ലാ കുട്ടികളെയും സംസ്കൃതം പറയുവാനും വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഈ ആധ്യയന വർഷത്തിൽ ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ സംസ്കൃത വിഭാഗം മുന്നോട്ട് വെയ്ക്കുന്ന പഠന പദ്ധതി.

| | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | അക്ഷരങ്ങൾങ്ങളും പദങ്ങളും ഉറപ്പിക്കൽ. | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |
| 2 | ഉച്ചാരണ ശുദ്ധി വരുത്തുക | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |
| 3 | പദകാർഡ്,അക്ഷരമരം, ചിഹ്നം എന്നിവയെ പരിചയപ്പെടൽ | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |
| 4 | ചുറ്റുപാടുകളെ പരിചയപ്പെടാം വസ്തുക്കളെ സംസ്കൃതത്തിൽ പരിചയപ്പെടാം.<br>വീട്ടിൽ ഉള്ള വസ്തുക്കളുടെ പേര് പട്ടികപ്പെടുത്തുക. | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |
| 5 | വായനയുടെ ലോകം.<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ. | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക |

| | | | |
|---|---|---|---|
| | സംസ്കൃതം മാഗസീൻ വായിക്കാൻ അവസരം. മാഗസീൻ തയ്യാറാക്കൽ | | |

## ഇംഗ്ലീഷ്

ലോക വിനിമയ ഭാഷയാണ് ഇംഗ്ലീഷ് ലോകത്തിന്റെ വിവിധ കോണുകളിൽ രൂപപ്പെടുന്ന വിപുലമായ സാഹിത്യസമ്പത്തിനെ പരിചയപെടുത്തുന്നതിനും ഉൾകൊള്ളുന്നതിനും ഉള്ള വിശാലത ഇംഗ്ലീഷ് ഭാഷക്കുണ്ട്.ലോകനിലവാരത്തിൽ ഉള്ള ഭാഷാശേഷികൾ ആർജ്ജിക്കുന്നതിനും വിഫലമായ വൈജ്ഞാനികമണ്ഡലങ്ങളിൽ ഇടപെടുന്ന വിദ്യാർത്ഥി സമൂഹത്തെ രൂപപെടുത്തുന്നതിനും ഈ പ്രവർത്തന പദ്ധതി വിഭാവനം ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

- ലോകവിനിമയഭാഷയായ ഇംഗ്ലീഷിനെ പ്രോൽസാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ് അതിനുവേണ്ടി അക്കാഡമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും, കുട്ടികളുടെ ഭാഷാപരമായ കഴിവുകളെ വളർത്തിയെടുക്കാനും കഴിയുന്നതരത്തിൽ പ്രവർത്തനങ്ങൾ എകോപ്പിക്കണം.
- കുട്ടികളിൽ ഭാഷാപരമായ അടിസ്ഥാനം ഊട്ടി ഉറപ്പിക്കാനും അവയെ വേണ്ട വിധത്തിൽ പ്രാവർത്തികമാക്കാനും കഴിയുംവിധം വിദ്യാർത്ഥികളെ രൂപപ്പെടുത്തുക,
- ഉയർന്ന തൊഴിൽ മേഖലകളിലേക്ക് കുട്ടികളെ നയിക്കുന്നതിനും ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തിൽ കഴിവുതെളിയിക്കുന്നതിനും കഴിയുന്ന തലമുറയെ രൂപപ്പെടുത്തുക.

### അനുബന്ധ പ്രവർത്തനങ്ങൾ

സാഹിത്യസെമിനാറുകൾ , ശിൽപ്പശാലകൾ , ഫിലിം പ്രദർശനങ്ങൾ, സർഗ്ഗാത്മക ചർച്ചാവേദികൾ , അഭിമുഖങ്ങൾ, പ്രശ്നോത്തരികൾ , രചനാമത്സരങ്ങൾ , പുസ്തക ചർച്ചകൾ എന്നിവ സംഘടിഭിക്കുക.അതിനാവശ്യമായ സഹായങ്ങൾ പി.ടി..എ , വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും ഉറപ്പാക്കുക

ഉപലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. വായനാശീലം വളർത്തുക
2. ഇംഗ്ലീഷ് ഭാഷ. സംഭാഷണങ്ങൾ, കഥകൾ മനസിലാക്കി സാഹചര്യത്തിന് അനുസരിച്ച് പ്രതികരിക്കാൻ പരിശീലിക്കുക
3. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
4. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക
5. സൃഷ്ടി മൂല്യവും വിമർശനാത്മക ചിന്തയും ഉണർത്തുക. നടകീകരണം.
6. കവിതലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുക
7. പ്രായോഗിക ജീവിതത്തിൽ ഭാഷയുടെ ഉപയോഗം ഉത്കൃഷ്ടമാക്കുക
8. IT സാധ്യത ഇംഗ്ലീഷ് ഭാഷാ വികസത്തിന് പ്രയോജനപ്പെടുത്തുക
9. സംവാദ സദസുകൾ സംഘടിപ്പിക്കുക

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1.** ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനുള്ള അവസരം ഒരുക്കുന്നു. | <u>**Follow Me If You Can**</u><br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു .<br><u>**Lend Your Ear**</u><br>ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു .<br><u>**Breaking News**</u><br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു . ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | ജൂൺ<br><br>ജൂലൈ<br><br>നവംബർ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | **Treasure Hunt**<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഇന്ത്യയെന്നു മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു.<br>**One Man Show**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു . | ആഗസ്റ്റ്<br><br>ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **I Too Can !!**<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായനമ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്കു )<br><br>**Learning Ladder**<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിൻ നം വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.മുഴുവൻ വാക്കുകളും ശരിയായിയി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>**Skit Corner**<br>വ്യത്യസ്തമായ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു .<br>**Reader Of the Month**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader Of the Month നെ ആദരിക്കുന്നു. | ജൂലൈ<br><br>സെപ്റ്റംബർ<br><br>ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | | മാസം തോറും | | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു . | **My Dewdrops**<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു .<br><br>**Mini Dictionary**<br>പാഠഭാഗങ്ങളിലെ അപരിചിതമായ വാക്കുകൾ ഉൾപ്പെടുത്തി കുട്ടികൾ സ്വന്തമായി ഡിക്ഷണറി തയ്യാറാക്കുന്നു .<br><br>**Memory Game**<br>ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്കു തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതുന്ന ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>**Fun Time**<br>Riddles, അപരിചിതമായ വാക്കുകൾ പരിചയപ്പെടുത്തൽ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു . | വർഷാവസാനം<br><br>എല്ലാ ആഴ്ചയും<br><br>ഫെബ്രുവരി<br><br>എല്ലാ തിങ്കളാഴ്ചയും | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

## ഹിന്ദി

ലക്ഷ്യങ്ങൾ

- ലോകഭാഷയായി വളർന്നു കൊണ്ടിരിക്കുന്ന ഹിന്ദി ഭാഷയുടെ മഹത്വവും ആവശ്യകതയും ബോധ്യപ്പെടുത്തി വിദ്യാർത്ഥികളെ ഹിന്ദി ഭാഷ സാഹിത്യ പരിജ്ഞാനമുള്ളവരായി രൂപപ്പെടുത്തുക.

- ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യുവാനുള്ള കഴിവും വിശ്വാസവും വിദ്യാർത്ഥികളിൽ സൃഷ്ടിച്ചെടുക്കുക.
- ഹിന്ദി സാഹിത്യ രചനാ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക.

അനുബന്ധപ്രവർത്തനങ്ങൾ

- പ്രദർശനങ്ങൾ , അഭിമുഖങ്ങൾ, പ്രശ്നോത്തരികൾ, രചനാ മത്സരങ്ങൾ , സെമിനാറുകൾ , പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക.
- സ്കൂൾ പി.റ്റി.എ, വിവിധ സംഘടനകൾ , സാഹിത്യ സാംസ്കാരിക പ്രവർത്തകർ, കേന്ദ്രപൊതുമേഖലാ പ്രവർത്തകർ എന്നിവരുടെ സഹായങ്ങൾ ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ സജ്ജീകരിക്കുക

ഉപലക്ഷ്യങ്ങൾ

- ഹിന്ദി വിഷയവബോധം വളർത്തുക
- ആശയവിനിമയശേഷി വർധിപ്പിക്കൽ
- സാഹിത്യത്തോടുള്ള താൽപ്പര്യം വളർത്തുക
- ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം രസകരം ആക്കുക
- ദൃശ്യശ്രവ്യാ മാധ്യമങ്ങളിലെ ഹിന്ദി ഭാഷ നിരീക്ഷണം, അവതരണം.
- പാഠഭാഗത്തെ നാടകീയ സന്ദർഭങ്ങൾ കണ്ടെത്തി സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നു
- ഹിന്ദി പാഠഭാഗത്തുള്ള എഴുത്തുകാരുമായുള്ള അഭിമുഖം കാണിച്ചു കൊടുക്കുന്നു. ഭാഷയോടുള്ള താല്പര്യം വർധിപ്പിക്കാൻ ഉതകുന്ന പ്രവർത്തനം നൽകുന്നു
- സർഗാത്മ പ്രവർത്തനത്തിൽ ഏർപ്പെടൽ.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പി ക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br><br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാ രണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ -ജൂലൈ |
| 2 | ആഴ്ചയുടെ എണ്ണങ്ങൾ ,ദിവസത്തിന്റെ | ക്ലാസ്സിലെ ഓരോ | ഓഗസ്റ്റ് -സെപ്റ്റം |

| | | | |
|---|---|---|---|
| | പേര് എന്നിവ പരിചയപ്പെടുത്തുന്നു. | വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ബർ |
| 3 | ഹിന്ദി അനായാസം എഴു തുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകു ന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവികൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി |
| 4 | ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കു വാൻ നൽകുന്നു. | ജൂൺ- മാർച്ച് |
| 5 | നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. കവിത, കഥ, പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ജൂൺ- മാർച്ച് |

•

## സോഷ്യൽ സയൻസ്

സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ കോർത്തിണക്കി സാമൂഹ്യ ശാസ്ത്ര ക്ലബിന്റെയും മറ്റ് വിവിധ ക്ലബുകളെയും ഏകോപിപ്പിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഇവിടെ മുനോട്ട് വെക്കുന്നത്. വിദ്യാർത്ഥികളുടെ വ്യക്തിത്വ തലങ്ങളെയും സാമുഹ്യ പ്രതിബദ്ധതയെയും കൂട്ടിയിണക്കി അന്താരാഷ്ട്ര

**നിലവാരം കൈവരിക്കാനതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അക്കാദമികവും സാംസ്കാരികവും ഭാതികവുമായ തലങ്ങളിൽ ശേഷികൾ ഉണ്ടാക്കിയെടുക്കുകയാണ് താഴെ പറയുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ - മോക് പാർലമെന്റ് | പ്രകടനപത്രിക, പ്രചരണം, മീറ്റ് ദി ക്യാൻഡിഡേറ്റ്, ബാലറ്റ്പേപ്പർ,എന്നിവ ഉപയോഗിച്ചുള്ള വോട്ടെടുപ്പിലൂടെ സ്കൂൾ പാർലമെന്റ് നിർമാണം | **ജൂൺ- മാർച്ച്** |
| സാമൂഹികശാസ്ത്രപ ഠനം കാര്യക്ഷമമാ ക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ എന്നിവയെ പ്രദർശിപ്പിക്കുക., വിതരണം. | **ജൂൺ- മാർച്ച്** |
| സാമൂഹികശാസ്ത്ര – നൂതന അറിവുകൾ | എല്ലാകുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന തരത്തിൽ SS കോർണറിലെ ബുള്ളറ്റിൻ ബോർഡിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നു | **ജൂൺ- മാർച്ച്** |
| സാമൂഹികശാസ്ത്രമേള | ഏകദിന സാമൂഹികശാസ്ത്രമേള | |
| പ്രാദേശിക ചരിത്ര രചന | പ്രാദേശിക ചരിത്ര രചന മത്സരം നടത്തി പ്രദർശിപ്പിക്കുന്നു | |
| പഠനയാത്ര | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു | |

## ഫിസിക്കൽ സയൻസ്

മനുഷ്യൻ ഇന്നേവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം എന്ന് പറയാം. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക" അനുവഭവ വേദ്യമാകുന്നത്. മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമിതിയിലേക്ക് നയിക്കും. നിർമ്മിക്കുകപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുളള വാതിലുകളാണ് . യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായി വിശകലനം നടത്തുകയും ചെയുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്ര പഠന രീതി. ഈ രീതിയിൽ വിദ്യാർത്ഥികൾ ആർജിക്കാൻ ഉതകുന്ന വിധത്തിൽ തയ്യാറാക്കിയ ഒരു അക്കാദമിക പ്ലാൻ ആണ് ആസൂത്രണം ചെയ്തിട്ടുളളത്.

| മേഖല - ഹൈസ്കൂൾ - സയൻസ് | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | **അത്ഭുത കണ്ണിലൂടെ**<br>കൗതുകം ,ജിജ്ഞാസ ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു .മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു .പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി ടി എ |
| 2 | **ശാസ്ത്രലോകത്തേക്ക്**<br>നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച | ക്ലാസുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്തു് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | അവതരിപ്പിക്കുന്നു ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു . വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു . ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു . | | | |
| 3 | ഹൈടെക്ക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക പ്രസിദ്ധീകരണം . സയൻസ് ലാബ് ആധുനിക വൽക്കരിക്കുന്നു . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപക ർ സയൻസ് ക്ലബ് | പി ടി എ സയൻസ് ക്ലബ് |
| 4 | ആയുർ രേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു . തണൽ വൃക്ഷങ്ങൾ നാട്ടു പിടിപ്പിക്കൽ ,ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപക ർ സയൻസ് ക്ലബ് ആരോഗ്യ ക്ലബ് | പി ടി എ സയൻസ് ക്ലബ് കൃഷിവകുപ്പ് |
| 5 | വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ ,നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു . ശാസ്ത്രകാരന്മാരുമായി സംവദിക്കൽ . | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപക ർ | പി ടി എ സയൻസ് ക്ലബ് രക്ഷിതാക്കൾ |

# നാച്ചുറൽ സയൻസ്

ശാസ്ത്രം അനുദിനം വികസിച്ച് കൊണ്ടിരിക്കുന്നു. പുതിയ ശാസ്ത്ര ആശയങ്ങളെ ഉൾകൊള്ളുക എന്നതാണ് ശാസ്ത്ര സമീപനവും ശാസ്ത്രീയ സത്യസന്ധതയും. നമുക്ക് ചുറ്റും കാണുന്ന, നടക്കുന്ന കാര്യങ്ങൾ നിരീക്ഷണത്തിലൂടെയും ലളിതമായ പരീക്ഷണത്തിലൂടെയും മനസ്സിലാക്കേണ്ടതുണ്ട്. ആദിമ ഭൂമിയിൽ രൂപം കൊണ്ട ജീവ കണികകൾക്ക് പരിണാമം സംഭവിച്ച് ഇന്ന് കാണുന്ന ജൈവവൈവിധ്യം വരെ എത്തി നിൽക്കുന്നു. ബൃഹത്തായശസ്ത്ര പഠനമാണ് ജീവശാസ്ത്രം. ജീവികളിൽ നടക്കുന്ന ജീവൽ പ്രവർത്തനങ്ങൾ ജീവികളിലും പരിസ്ഥിതിയും എന്നിവയും ജീവശാസ്ത്ര പഠന മേഖലകളാണ്. ജൈവ സാങ്കേതികവിദ്യ കാർ ഷിക മേഖലയിലും ഓഷധ നിർമാണത്തിലും പുത്തൻ ഉണർവുകളാണ്. ഇത്തരം പ്രവർ ത്തനങ്ങളെ പ്രവർത്തനാധിഷ്ഠിതമായി കുട്ടികളിൽ എത്തിക്കുക എന്നതാണ് ജീവശാസ്ത്രപഠനത്തിന്റെ പരമമായ ലക്ഷ്യം.

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

- ജീവശാസ്ത്രത്തിൽ ഓരോ പഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നു.
- താഴ്ന്ന ക്ലാസ്സുകളിലെ പാഠഭാഗങ്ങളുടെ തുടർച്ച കണ്ടെത്തുക.
- ഓരോ പാഠഭാഗത്തിലെയും ആർജിക്കേണ്ട പ്രധാന ആശയങ്ങൾ കണ്ടെത്തുക.
- സബ്ജക്റ്റ് കാൺസിൽ കൂടി മുൻകൂട്ടി അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഓരോ പാഠഭാഗത്തിനും ശേഷം മൂല്യ നിർണയം നടത്തി പഠന നേട്ടം ഉറപ്പുവരുത്തുക
- ICT പരമാവധി ഉപയോഗിച്ച് ആശയധാരണ ഉറപ്പിക്കുക.
- കുട്ടികൾ സ്വന്തമായി പഠഭാഗത്തുനിന്നും ചോദ്യങ്ങൾ നിർമിക്കുമ-പരസ്പരം ചോദ്യങ്ങൾ ചേദിക്കുക( മത്സര രൂപത്തിൽ).
-

| എണ്ണം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | സ്കൂളിൽ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ മഴക്കാലരോഗങ്ങൾ, ശുചിത്വം, എന്നിവയെകുറിച്ച് ബോധവത്ക്കരണക്ലാസ്. | ജൂൺ -മാർച്ച് | സയൻസ് അധ്യാപിക |
| 2 | പരിസ്ഥിതി ദിനം, ഡോക്ടേഴ്സ് ദിനം എന്നിങ്ങനെയുള്ള ദിനാഘോഷവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം. | ജൂൺ -മാർച്ച് | |
| 3 | Adolesence എന്ന web series കാണിച്ചുകൊണ്ട് Adolesence കാലത്തെ മാറ്റങ്ങൾ - ചർച്ച | ജൂൺ -മാർച്ച് | |
| 4 | ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ | ജൂൺ -മാർച്ച് | |
| 5 | ഏകദിനകാർഷികശിൽപ്പശാല- പുതിയ കൃഷിരീതി. | | |
| 6 | സയൻസ് ബുള്ളറ്റിൻ, സയൻസ് കോർണർ, സയൻസ് മാസിക, ശാസ്ത്ര പുസ്തകം നിർമ്മാണം | ജൂൺ -മാർച്ച് | |
| 7 | പ്രകൃതിപുസ്തകം<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.<br>ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുക. | ജൂൺ -മാർച്ച് | |

# ഗണിതശാസ്ത്രം

**ലക്ഷ്യങ്ങൾ**

- ഗണിതവിജ്ഞാനത്തിന്റെ അടിസ്ഥാന ശേഷികൾ ആർജ്ജിക്കുന്നതിന്.
- ഉയർന ശേഷിയുള്ള വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്തുന്നതിന് ഉയർന്ന അക്കാദമിക ശേഷി നേടുന്നതിന്.
- പ്രായോഗിക ജീവിതത്തിൽ ഗണിതശാസ്ത്രത്തിന്റെ പങ്ക് " തിരിച്ചറിഞ്ഞ് പഠിക്കുന്നതിന്.
- ഗണിത ശാസ്ത്രലാബുകൾ തുടങ്ങിയവ തയ്യാറാക്കി വിദ്യാലയത്തിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്.
- ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗണിതത്തിലേക്ക് ആകർ ഷിക്കുന്നതിന്.
- വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്; സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്.

| എണ്ണം | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| 1 | ചതുഷ് ക്രിയ അവബോധ പരി ശോധനയും പരിഹാര ബോധനവും | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |
| 2 | • .Bridge material അവതരണം<br>• .ഗണിതപ്രശ്നങ്ങളുടെ പരിഹാരം, അവതരണം. | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |
| 3 | ഗണിതക്ലബിന്റെരൂപീകരണം, ശിൽപ്പശാല, Pi Day , ദിനാഘോഷങ്ങളുടെ പോസ്റ്റർ തയ്യാറാക്കൽ. ഗണിത മാഗസീൻ | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |
| 4 | വിവിധ തരം ചാർട്ടുകളുടെ നിർമ്മാണം, ഗണിത പൂക്കളം എന്നിവ തയ്യാറാക്കൽ | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |

| | | | |
|---|---|---|---|
| 5 | സ്കൂൾ തല ഗണിത ശാസ്ത്ര മേളയ്ക്ക് ആവശ്യമായ മോഡലുകളുടെ നിർമ്മാണം | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |
| 6 | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ,Work sheet തയ്യാറാക്കൽ | ജൂൺ- മാർച്ച് | ഗണിത അധ്യാപിക |

## വിവരസാങ്കേതിക വിദ്യ

വിവരസാങ്കേതിക വിദ്യയിൽ കുട്ടികൾക്ക് പ്രാവീണ്യം നേടുന്നതിന് ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഐ.ടി. ക്ലബ്ബ് രൂപീകരിച്ച് കുട്ടികളുടെ താത്പര്യം മനസ്സിലാക്കി ആ മേഖലയിൽ പ്രാവിണ്യം നേടുന്നതിന് വേണ്ടി പരിശീലനം നൽകുന്നു. അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളായ ഐ.ടി. മേഖലയിലെ അഭ്യുദയകാംക്ഷികളുടെയും സഹകരണരത്തോടെ തൊഴിലധഷ്ഠിത മേഖലകളിൽ പരിശീലനം നൽകുക, സ്കൂളിൽ നടക്കുന്ന പ്രവർത്തങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചുമതലമപ്പെടുത്തുകയും ചെയ്യുക.

## ചിത്രകല

- കുട്ടികളെ കലയിലേയക്ക് ആകർഷിക്കുന്ന തരത്തിലുള്ള ഡേക്യുമെന്ററി പ്രദർശനം .
- ചിത്രകലയിൽ താൽപര്യം ഉള്ള കുട്ടികളെ ഉൾപ്പെടുത്തി ക്യാമ്പ് സംഘടിപ്പിക്കുക.
- ചിത്രപ്രദർശനം നടത്തുക.
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരയ്ക്കുകയും പ്രദർശനം നടത്തുകയും ചെയ്യുക.
- ശാസ്ത്ര മേള, കലാമേള എന്നിവയിലേയ്ക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുക. തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

നിത്യ ജീവിതത്തിൽ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കി ശാരീരികവും, മാനസികവും കായികവും എന്നിവയെ ലക്ഷ്യമാക്കി തയ്യാറാക്കുന്നതാണ്. ആരോഗ്യ കായിക വിദ്യാഭ്യാസം എന്ന പുസ്തകം വളരെ വ്യത്യസ്തമായ രീതിയിൽ കളികളും യോഗകളും നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളും ഉൾപെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും കായികപരമായി വിദ്യാർത്ഥികളെ മികച്ച രീതിയിൽ കൊണ്ട് വരിക എന്നതാണ് ലക്ഷ്യമാക്കിയിരിക്കുന്നത് . പിന്നെ കായികപരമായി നല്ല അറിവുണ്ടാക്കുക എന്നതുമാണ് ഉദ്ദേശിക്കുന്നത്. പല ഘട്ടങ്ങളിലായിട്ടാണ് പ്രവർത്തനങ്ങൾ ചെയ്യുന്നത്. കുട്ടികൾക്ക് മനസിലാകുന്ന രീതിയിലും രസകരമായ രീതിയിലും ആണ് പ്രവർത്തനം ഉൾക്കൊള്ളിച്ചത്.

## പ്രവൃത്തിപഠനം

1. വിദ്യാർത്ഥികളുടെ വിജ്ഞാനവും കരവിരുതും വളർത്തിയെടുത്ത് ക്രിയാത്മകമായ പ്രവർത്തിലൂടെ തിരിച്ചുവിട്ട് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ തൊഴിലിനോട് ആഭിമുഖ്യം വളർത്തുകയും ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിനു വേണ്ടി പ്രാഥമിക അറിവ് പകർന്ന് കൊടുക്കുകയും ചെയ്യുന്നതോടൊപ്പം തൊഴിൽ മഹാത്മ്യത്തെകുറിച്ച് ബോധവാൻമാരാക്കി തൊഴിൽ ചെയ്യുന്നവരോട് ബഹുമാനമുള്ളവരായിരിക്കാൻ പരിശീലനം നൽകുകയും ചെയ്യുക എന്നതാണ് പ്രവൃത്തി പരിചയത്തിന്റെ പരമമായ ലക്ഷ്യം.
2. വിദ്യാർത്ഥികളുടെ കായിക ബൗദ്ധിക വൈകാരിക വളർച്ചക്ക് ഈ ഉദ്യമത്തിന്റെ ആവശ്യകതയെക്കുറിച്ച് സമൂഹത്തിന് മനസിലാകാനുള്ള അവസരമുണ്ടാക്കുക.
3. കഴിവുള്ളവർക്ക് പ്രചോദനവും പ്രവൃത്തി പരിചയത്തിന് വേണ്ടത്ര പ്രചാരവും കൊടുക്കുക.

4. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹികബോധമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുന്നതും പ്രവൃത്തി പരിചയ പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ്.
5. മാനവ ശേഷീ വികസനം
6. ദേശീയ പുരോഗതി
7. തൊഴിൽ സന്നദ്ധത
8. ഉൽപ്പാദനരംഗത്തെ സ്വാശ്രയത്വം
9. മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ

പ്രവൃത്തി പഠനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടു വേണം പാഠ്യ പദ്ധതി വിനിമയം ചെയ്യേണ്ടത്. ഇവയുടെ തനത് സാധ്യതകൾ നിലനിർത്തുന്നതിനോടൊപ്പം വ്യത്യസ്ത വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും വിനിമയം ചെയ്യേണ്ടത് ആവശ്യമാണ്.

## I.E.D.S.S

ഭിന്നശേഷിക്കാരായ കുട്ടികളും സമൂഹത്തിന്റെ ഭാഗമാണ്. സാധാരണ കുട്ടികളെപോലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കുചേരാൻ അവർക്കും അവകാശമുണ്ട്. ഒന്നിച്ചുള്ള പഠനമാണ് സമൂഹവത്ക്കരണത്തിനുള്ള പ്രധാനവേദി. അവരേയും വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്.

**ലക്ഷ്യം**

1. ശാരീരികവും മാനസികവും ബുദ്ധിപരവുമായ പരിമിതികൾ ഉള്ള കുട്ടികളെയും മുഖ്യധാര വിദ്യാഭ്യാസത്തിൽ ഉൾചേർക്കുക.
2. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
3. കുട്ടികൾക്കർഹമായ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കാൻ വേണ്ട ക്രമീകരണം നടത്തുക.
4. വൈകല്യങ്ങളെ അതിജീവിച്ചവരുടെ ജീവിത മാതൃകകൾ പരിചയപെടുത്തുക.

# കൗൺസിലിംഗ്

ഒരു വ്യക്തിക്ക് ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിർമ്മാണാത്മകമായി വർത്തിക്കുന്നതിന് ആവശ്യമായ കഴിവുണ്ടെങ്കിലും അതെക്കുറിച്ച് അവനെ ബോധവാനാക്കാൻ കഴിയുമെന്നുള്ള പരികൽപനയോടുകൂടിയാണ് കൗൺസിലിംഗ് മുന്നോട്ട് വതുന്നത്. അതായത് ഒരു കക്ഷിയുടെ വിവിധ ഘട്ടങ്ങളിൽ വ്യക്തിപരമായതും കുടുംബപരമായതും വിദ്യാഭ്യാസവും സാമൂഹ്യപരമായതും കൗൺസിലിംഗിൽ ഉൾപ്പെടുത്തുന്നു. കൗൺസിലർ കക്ഷിയെ സ്വീകരിക്കുകയും അവനെ ബോധവാനാക്കുകയും തന്നെ തന്നെ നയിക്കാൻ കഴിവുള്ളവനാണ് താനെന്ന് അവനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

അധ്യാപകനും വിദ്യാർത്ഥിക്കും ഇടയിലും ,അച്ഛനമ്മമാർക്കും മക്കൾക്കിടയിലും സുഹൃദ്ബന്ധങ്ങളിലും ഒക്കെ കൗൺസിലിംഗിന്റെ അടിസ്ഥാന തത്ത്വങ്ങൾ പ്രയോഗിക്കുന്നുണ്ട്. വ്യക്തി ബന്ധങ്ങൾ വളമിത്താനും കൂടുതൽ ശക്തമാക്കാനും കാൺസിലിംഗ് സഹായിക്കും വ്യക്തിനിഷ്ഠമായ സമീപന രീതിയാണ് ഇതിൽ ഉപയോഗിക്കുന്നത്.

ലക്ഷ്യങ്ങൾ

കക്ഷിയുടെ സ്വാതന്ത്ര്യവും ഏകീകരണവും കൗൺസിലിംഗിന്റെ ലക്ഷ്യമായി കാണുന്നത്. പ്രശ്നങ്ങളെ ശ്രേഷ്ഠമായി കൈകാര്യം ചെയ്യാനാകും വിധം വ്യക്തിത്വം വികസിപ്പിക്കാൻ ഒരുവനെ സഹായിക്കുകയാണ് ചെയ്യുന്നത്. പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുകയല്ല കൗൺസിലിംഗിന്റെ ലക്ഷ്യം. മറിച്ച് കൂടുതൽ സ്വാതന്ത്രമായും ഉത്തരവാദിത്വത്തോടുകൂടിയും ക്രമമായും ഒരു പ്രശ്നം പൂർണ്ണമായി കൈകാര്യം ചെയ്യാൻ ഇവർക്ക് കഴിയും. കൗൺസിലർ ഒരുവന്റെ ആശ്രിതബോധത്തെ വളർത്തുകയല്ല , മറിച്ച് വ്യക്തിത്വവികാസവും, ജീവിത നൈപുണികളെ വളർത്തുകയാണ് ചെയ്യുന്നത്.

## ഒരുമിക്കാം കൈവരിക്കാം. ....

ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങളെക്കാളും പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണവും മികവും കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് അവകാശപ്പെടാൻ കഴിയും . ഇതര സംസ്ഥാനങ്ങൾ ഇതേവരെ നേടിയിട്ടില്ലാത്ത നിരവധി അക്കാദമിക് മികവുകൾ കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതും വസ്തുതയാണ് അന്തർദേശീയതലത്തിലും ഭൗതീക അക്കാദമികവുമായ മേഖലകളിൽ നമ്മുടെ വിദ്യാർത്ഥികൾ ലോകത്തെ അമ്പരിപ്പിക്കുന്ന മികവുകൾ സൃഷ്ടിച്ചിട്ടുണ്ട് .

വിദ്യാഭ്യാസ നിലവാരം എന്നകാര്യം മാത്രം എടുക്കുമ്പോൾ സാർവത്രിക വിദ്യാഭ്യാസം നമുക്ക് കരഗതമായിട്ടുണ്ടെങ്കിലും , ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാം പിന്നോക്കം പോയതായി കാണുന്നു. ഈ പിന്നോക്കം പോകലിന് ഒരുപരിഹാരമായാണ് വിവിധതലങ്ങളിൽ നിർദിഷ്ട അക്കാദമികശേഷി കൈവരിക്കാനതകുന്ന തരത്തിൽ നമ്മൾ വൈവിധ്യമാർന്ന പഠനാനുബന്ധ പ്രവർത്തനങ്ങൾ ക്ലാസ്റൂം പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്. മെച്ചപ്പെട്ട ക്ലാസ്റൂം ആവിഷ്ക്കരിക്കുകയും അവ നാം മുൻക്കൂട്ടി ആസുത്രണം ചെയ്ത് ഈ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധപെടുത്തി അതിന്റെ പ്രാധാന്യവും ലക്ഷ്യവും ഉൾക്കൊണ്ടു കൊണ്ട് വിദ്യാർത്ഥി പങ്കാളിത്തത്തോടെയും ആവശ്യമെങ്കിൽ സാമൂഹ്യ പങ്കാളിത്തത്തോടെയും നടപ്പിലാക്കേണ്ടതുണ്ട് . പരമ്പരാഗതമായി ദിനാചരണങ്ങൾ ഔപചാരികമായി നടപ്പാക്കുകയല്ല ഇതിലൂടെ ലക്ഷ്യമിടുന്നത് . മറിച്ച് അക്കാദമിക മേഖല സാമൂഹ്യവത്ക്കരിക്കുകയും അതിലു

ടെ ഭാഷയും , ഗണിതവും , ശാസ്ത്രവും , സാമൂഹ്യശാസ്ത്രവും കുട്ടികളിലേക്ക് എത്തിചേരുകയും വേണം ഇതിനായി. പ്രാദേശിക വിഭവങ്ങളും, സാധ്യതകളും പരമാവധി ഉപയോഗ പ്പെടുത്തേണ്ടതുണ്ട്. നമ്മുടെ ചുറ്റുമുള്ള പ്രാഗത്ഭ്യങ്ങൾ നമ്മുടെ വിദ്യാലയത്തിലെ സന്ദർ ശകരായി മാറേണ്ടതുണ്ട് . അവരുടെ നൈപുണ്യങ്ങൾ വിദ്യാലയത്തിൽ മുതൽ കൂട്ടാകേണ്ടതുമാ ണ്. നമ്മൾ മുന്നോട്ട് വച്ച പ്രവർത്തനങ്ങൾ ചിട്ടയോടും അക്കാദമിക ലക്ഷ്യം മുൻനിർത്തിയും ആകേണ്ടതിന്റെ ആവശ്യകതയും ഓരോ ഘട്ടങ്ങളിലും കൈവരികേണ്ട ശേഷി യഥാസമയങ്ങളിൽ നേടുന്നതിനും ചെയ്യുന്നതുമാകണം . ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

ഏതൊരു പദ്ധതിയുടെയും വിജയം അതിലെ നിർവ്വാഹക ശക്തി എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുമ്പോഴാണ് സംജാതമാകുന്നത് . ഇവിടെ നിർവ്വഹണവും , പ്രൗഢീകത്തവും നമ്മുടെ തന്നെ ഉത്തരവാദിത്തമാണ്. വിലയിരുത്തൽ സമിതിയുണ്ടെങ്കിൽ പോലും അന്തിമമായി വിലയിരുത്തപ്പെടുന്നത് സർഗാത്മകമായി നമ്മുടെ കഴിവാണല്ലോ കുട്ടിയെ മികവുകളിലേക്കും ശേഷിയിലേക്കും നയിക്കുന്നത്. അതിനാൽ മാസ്റ്റർ പ്ലാൻ' വിജയിക്കുന്നത് അധ്യാപകരായ നമ്മിലൂടെയാണ്. ആ വിജയം ഒരു ഭാവി തലമുറയുടെ വിജയമാവുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

# ഭൗതീക മേഖല

പൊതുവിദ്യാഭ്യാസവകുപ്പിന്റെ പല ഫണ്ടിംഗ് സ്രോതസ്സുകളും ആവശ്യത്തിലധികം ലഭിച്ചിട്ടുണ്ടെങ്കിലും 55 വർഷത്തിലധികം പഴക്കമുള്ള കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണിത്. ഓരോ അധ്യയനവർഷത്തെ അംഗസംഖ്യ എടുത്തുനോക്കിയാലും നെന്മേനി പഞ്ചായത്തിലെ പിന്നാക്കവിഭാഗങ്ങൾ ഏറ്റവും കൂടുതലായി പഠിക്കുന്ന ഒരു സ്ഥാപനമായി നമ്മുടെ സ്കൂൾ മാറിയിരിക്കുന്നു. കാലപ്പഴക്കം ചെന്ന കെട്ടിടം ജനകീയപങ്കാളിത്തത്തോടെ നിർമ്മിച്ച കെട്ടിടം ആണ് .

## നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം

നിലവിൽ രണ്ട് പ്രധാനകെട്ടിടങ്ങളാണ് സ്കൂളിനുള്ളത്. ഇതിൽ 15 റൂമുകൾ ആണ് ഉള്ളത്. ജനകീയ ഫണ്ട് ഉപയോഗിച്ച് 1970 ൽ നിർമ്മിച്ച കെട്ടിടത്തിൽ 9 ഉം 2005-06 ൽ ജില്ലാപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ 6 മുറികളുമാണ് ഉള്ളത്. കൂടാതെ ലൈബ്രറിക്കും, ലാബ് ( ഫിസിക്സ്, കെമിസ്ട്രി, കംമ്പ്യൂട്ടർ )ഓരോന്നുവീതവും, SPC, സ്റ്റുഡിയോ എന്നിവയ്ക്ക് ഓരോന്നുവീതവും, റൂമുകൾ ഉണ്ട്. നിലവിൽ ഉള്ള ക്ലാസുകൾ എല്ലാം തന്നെ ഹൈടെക്ക് അണ്.

## കെട്ടിടനിർമ്മാണരൂപരേഖ

ഭാവിയിൽ വിദ്യാലയവികസനത്തിന് ശാസ്ത്രീയമായ കാഴ്ചപ്പാടുകളോടെ രൂപകല്പന ചെയ്തിട്ടുണ്ട്. കലാകായികരംഗത്തെ വികസനമുൾപ്പടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ സാധ്യതകൾകൂടി മുൻകൂട്ടികണ്ടുകൊണ്ടാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിന് ശാസ്ത്രീയമായ സംവിധാനങ്ങൾ അവലംബിച്ച് ഡിജിറ്റൽ സർവ്വേയിലൂടെ സ്ഥലവിസ്തൃതി തിട്ടപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ടകെട്ടിടങ്ങൾ ആർക്കിടെക്റ്റിന്റേയും എൻജിനീയർമാരുടെയും നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

**കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ചീരാൽ സ്കൂളിന് 3.90 കോടി രൂപ വകയിരുത്തി. മൂന്ന് നിലയും 9 ക്ലാസ് മുറികളും ഓഫീസ്, കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം എന്നിവയടങ്ങുന്ന കെട്ടിടമാണിത്.**

# സാമൂഹികം

- **ജനറൽ ക്ലബ്ബുകൾ**
- **വിദ്യാരംഗം**
- **പരിസ്ഥിതിക്ലബ്**
- **ലിറ്റിൽ കൈറ്റ്സ്**
- **SPC**

## ലഹരി വിരുദ്ധ ക്ലബ്

- ലഹരിവിരുദ്ധ ദിനാചരണം
- ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം
- ലഹരിവിരുദ്ധ റാലി
- ഫ്ലാഷ് മോബ്
- ലഹരിവിരുദ്ധ സെമിനാർ
- ഡോക്യുമെന്ററി പ്രദർശനം

## DM ക്ലബ്

- NDRF Training
- First-aid Training
- Field visit
- Rain gauge implementation

## JRC

- Seminar - Health and Hygiene
- First aid Training
- Old age Home visit
- Personal Hygiene campaign – Home and School

## ഹെൽത്ത് ക്ലബ്

- First-aid Training
- Medical Camp
- Health awareness programme

## SPC

- Important Day Celebration
- Parade
- Three Day  Onam Vacation Camp
- Summer Vacation Residential Camp
- Awareness Classes
- Traffic Control

## Little Kites

- Video Editting
- Digital Magazine Creation
- Malayalam Typing
- Programming
- Designing

## പി.ടി.എ

- CPTA എല്ലാമാസവും കൂടി കുട്ടികളുടെ മികവ്, പോരായ്മ അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നു.
- വളരെ ശക്തമായ അധ്യാപക-രക്ഷാകർതൃബന്ധം
- കോർണർ പി.ടി.എ
- ഗൃഹസന്ദർശനം
- പ്രാദേശിക പി.ടി.എ രൂപീകരണം
- വിദ്യാലയത്തിലെ പരിപാടികളിൽ രക്ഷകർത്താക്കളെക്കൂടി ഉൾപ്പെടുത്തുന്നു

## ഉപസംഹാരം

**2025-26 അധ്യയനവർഷത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ മാസ്റ്റർ പ്ലാൻ ചീരാൽ സ്കൂളിന്റെ പുതിയ അക്കാദമികവും ഭൗതികവുമായ മുന്നേറ്റത്തിന് ഏറെ പ്രചോദനത്മകമാണ്. ഇതിന് സകല പിന്തുണയും നൽകിയ എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും പിടിഎ ഭാരവാഹികൾക്കും നന്ദി. എല്ലാവരുടെയും കൂട്ടായ്മയിലൂടെ ജി.എം.എച്ച്.എസ്.എസ്.ചീരാലിന് പുതിയ തലങ്ങൾ കണ്ടെത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.**

നന്ദി....

# സഫലം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## GMHSS CHEERAL

